# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കറുകുറ്റി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി 13/ 1280/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/01/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി 13/ 1280/21 തീയ്യതി: 10/01/2022

## എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.എ. ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസ്മിത കെ വി,ഓഡിറ്റ് ഓഫീസർ
ശ്രീ ഗോപകുമാർ എം എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രസാദ് പി ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ഷഹീർ എസ്,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ കിരൺ- കെ.എസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാജു.വി. തെക്കേക്കര | പ്രസിഡന്റ് | 01-04-2019 | 22-12-2019 |
| ശ്രീമതി.ലതിക ശശികുമാർ | പ്രസിഡന്റ് | 23-12-2019 | 31-03-2020 |
| ശ്രീ.രാജൻ. ബി.മേനോൻ | സെക്രട്ടറി | 01-04-2019 | 31-07-2019 |
| ശ്രീ.ആന്റണി എം.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-08-2019 | 04-08-2019 |
| ശ്രീമതി. ശ്രീജ ജോസഫ് | സെക്രട്ടറി | 05-08-2019 | 29-08-2019 |
| ശ്രീ. ആന്റണി എം.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-08-2019 | 31-08-2019 |
| ശ്രീ. യു.കെ സുരേന്ദ്രൻ | സെക്രട്ടറി | 01-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആന്റണി എം.എ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. സോണിയ.ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സൈറ സക്കറിയ | മെഡിക്കൽ ഓഫീസർ . പി.എച്ച്.സി | 01-04-2019 | 31-12-2019 |
| ശ്രീമതി.അനുപമ വിജയൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-01-2020 | 31-01-2020 |
| ഡോ.ശ്രീദേവി. പി.എസ് | മെഡിക്കൽ ഓഫീസർ . പി.എച്ച്.സി | 01-02-2020 | 31-03-2020 |
| ഡോ.ജലജ.എം.പി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സിനി ഇഗ്നേഷ്യസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. ജോർജ് പോൾ | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഡിന്ന ഡേവിസ് | ICDS Supervisor | 01-04-2019 | 31-03-2020 |
| ശ്രീ. പ്രശാന്ത് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.ആന്റോ.എ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്വാതി ടി.എസ് | വി.ഇ.ഒ | 01-04-2019 | 11-06-2019 |
| ശ്രീമതി.സിമ്മി.യു.ബി | വി.ഇ.ഒ | 11-06-2019 | 02-09-2019 |
| ശ്രീ. നജീബ് | വി.ഇ.ഒ | 03-09-2019 | 06-12-2019 |
| ശ്രീമതി. ശീതള.എ | വി.ഇ.ഒ | 07-12-2019 | 31-03-2020 |
| ശ്രീമതി.ലതിക | വി.ഇ.ഒ II | 01-04-2019 | 01-07-2019 |
| ശ്രീമതി. രേഷ്മ | വി.ഇ.ഒ II | 02-07-2019 | 06-07-2019 |
| ശ്രീമതി.സിമ്മി.യു.ബി | വി.ഇ.ഒ II | 07-07-2019 | 16-09-2019 |
| ശ്രീ. നജീബ് | വി.ഇ.ഒ II | 03-09-2019 | 06-12-2019 |
| ശ്രീ.ജോയ്സി.കെ.ജെ | വി.ഇ.ഒ II | 07-12-2019 | 31-03-2020 |
| ശ്രീമതി.സബീന.ടി.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 27-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kiran K.S (Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-7 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-9 |
| 10 | വിവരാവകാശം<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Bindu L (Computer Assistant, On 05-01-2022) | 1-9-1 |
| 11 | ഗ്രാമസഭ<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-9-2 |
| 12 | മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-10 |
| 13 | ഓഡിറ്റ് ഇംപാക്ട് - തുക അടവാക്കി<br>Written By: Kiran K.S (Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-11 |
| 14 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Kiran K.S (Auditor, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-12 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-13 |

| | | |
|---|---|---|
| 16 | കമ്മ്യൂണിറ്റി ഹാൾ, അയ്യങ്കാളി ഓഡിറ്റോറിയം എന്നിവയുടെ വാടക – അപാകങ്ങൾ പരിഹരിക്കേണ്ടതാണ്<br>Written By: Kiran K.S (Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-14 |
| 17 | ടാറിംഗ് പ്രവൃത്തികൾ- കാലി വീപ്പയുടെ വില ഈടാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-15 |
| 18 | വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം- കെൽട്രോണിന് അധികമായി അടച്ച തുക തിരികെ ഈടാക്കണം<br>Written By: M.S.Gopakumar (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-16 |
| 19 | വീട് വാസയോഗ്യമാക്കൽ (ജനറൽ) - കെട്ടിടത്തിന്റെ ഉടമസ്ഥരല്ലാത്തവരുടെ പേരിൽ തുക മാറി നൽകിയിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-17 |
| 20 | വീട് വാസയോഗ്യമാക്കൽ പദ്ധതികൾ - എസ്റ്റിമേറ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-18 |
| 21 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ<br>Written By: Prasad P G (Asst. Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-19 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലനം-ചെലവഴിക്കാത്ത തുക തിരികെ ഈടാക്കണം<br>Written By: Prasad P G (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-20 |
| 23 | ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.കരാറുകാരന് അധികതുക നൽകി<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | 1-21 |
| 24 | ആയുർവേദമരുന്നുകൾ - എക്സ്പയറി ഡേറ്റ് കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിലെടുത്തു<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-22 |
| 25 | കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-23 |
| 26 | തെരുവ് വിളക്ക് മെയിന്റനൻസ് - നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-24 |
| 27 | എ.ബി.സി. പദ്ധതി -വിനിയോഗവിവരം ലഭ്യമായില്ല<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-25 |
| 28 | സമഗ്ര ശിക്ഷ കേരളം- പഞ്ചായത്ത് വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-26 |
| 29 | ഡെപ്പോസിറ്റ് പ്രവർത്തി - വിനിയോഗവിവരം ലഭ്യമായില്ല | 1-27 |

| | | |
|---|---|---|
| | Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 05-01-2022) | |
| 30 | കുടിവെള്ളവിതരണം -അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-28 |
| 31 | തെങ്ങ് കൃഷി വികസനം - രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 1-29 |
| 32 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-30 |
| 33 | പൊതുശൗചാലയബ്ലോക്ക് നിർമ്മാണം-ജനോപകാരപ്രദമായില്ല<br>Written By: Prasad P G (Asst. Audit Officer, On 27-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.V.Susmitha (Audit Officer, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.V.Susmitha (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.V.Susmitha (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 04-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.V.Susmitha (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 29-11-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 23.2-19 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.02.20 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2019-2020 പുതുക്കിയ ബജറ്റ് പ്രകാരം

| വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| 18638170 | 186381780 | 163559733 | 22822047 |

2019-2020 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവ് നീക്കിയിരുപ്പ് താഴെപ്പറയുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|
| 29768257.17 | 70649046 | 100417303.17 | 70558579 | 29858724.17 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2019-2020 പുതുക്കിയ ബജറ്റ് പ്രകാരം | 2019-2020 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 18638170 | 70649046 | 52010876 |
| ചെലവ് | 163559733 | 70558579 | 93001154 |
| നീക്കിയിരുപ്പ് | 22822047 | 29858724.17 | 7036677.17 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 5.2 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 9.3- കോടി രൂപയുടെയും വ്യത്യാസമുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ കൃത്യത പുലർത്തേണ്ടതുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2020 | 15.6.20 | - | - |

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29768257.17 |
| വരവ് | 70649046 |
| ആകെ | 100417303.17 |
| ചെലവ് | 70558579 |

| നീക്കിയിരിപ്പ് | 29858724.17 |
|---|---|

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം 2019-2020

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,20,53.404 | 1,20,53.404 | 1,17,49,379 | 0 | 3,04,025 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 55,84,000 | 55,84,000 | 33,73,113 | 0 | 22,10,887 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1,17,000 | 1,17,000 | 0 | 0 | 1,17,000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2,82,44,000 | 2,82,44,000 | 1,43,09,897 | 0 | 1,39,34,103 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 41,22,000 | 41,22,000 | 16,30,756 | 0 | 24,91,244 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 96,73,385 | 96,73,385 | 53,32,835 | 0 | 43,40,550 |
| ദുരിതാശ്വാസ നിധി | 31,439 | 1083 | 32522 | 0 | 32522 | |
| കേന്ദ്രാവിഷ്കൃതഫണ്ട് - സമ്പൂർണ്ണ ശുചിത്വം | 332191 | 9051 | 341242 | 332982 | 8260 | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin. Exp EFMS | 3651 | 1048354 | 1052005 | 1052004 | 1 | |
| | 0 | 11680989 | 11680989 | 11680989 | 0 | |
| ICDS- 320 100 121 | 843943 | 691420 | 1535363 | 985155 | 550208 | |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- 320 200 319 ഖര മാലിന്യ സംസ്കരണം | 1200000 | 0 | 1200000 | 0 | 1200000 | |
| 320 200 205 അംഗൻവാടി കുടിവെള്ള കണക്ഷൻ | 20000 | 0 | 20000 | 0 | 20000 | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 212102 | 0 | 212102 | 0 | 212102 | |
| 320 300 199 ആശ്രയ-അഗതി രഹിത ഫണ്ട് | 253058 | 626476 | 879534 | 710544 | 168990 | |
| സമ്പൂർണ്ണ ശുചിത്വം 320 300 103 | 0 | 35500 | 35500 | 35500 | 0 | |
| സാക്ഷരത 320 200 309 | 1642 | 56 | 1698 | 0 | 1698 | |
| 320 700 104 Joint Venture – Block Panchayat- Capital Expenditure | 583598 | 0 | 583598 | 0 | 583598 | (*) |
| 320 700 404 Joint Venture – Block Panchayat- Revenue Expenditure | 1022564 | 2081370 | 3103934 | 1544959 | 1558975 | (*) |
| | | 366125 | 366125 | 366125 | | |
| | | 2447495 | 3470059 | 1911084 | | |
| 320 700 205 Joint Venture – | 2354265 | 0 | 2954265 | 386175 | 1968090 | (*) |
| | | 600000 | | 600000 | | |

| | | | | |
|---|---|---|---|---|
| District Panchayat-Revenue Expenditure | | 600000 | 986175 | |

1.ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സംയുക്ത പ്രൊജക്റ്റുകൾക്കുവേണ്ടി 2019- 2020 സാമ്പത്തിക വർഷം മുതൽ ജില്ലാ- ബ്ലോക്ക് പഞ്ചായത്തുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനാൽ ഈ തുക പഞ്ചായത്തിന്റെ ജോയിന്റ് വെൻചർ ട്രഷറി എസ്.ബി. അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെടുന്നില്ല. അതേസമയം മുൻവർഷങ്ങളിൽ ഈയിനത്തിൽ ഈ അക്കൗണ്ടിൽ ബാക്കിനിൽക്കുന്ന തുകയിൽനിന്ന് ഈ സാമ്പത്തികവർഷം ചെലവ് വന്നിട്ടുണ്ട്. സംയുക്ത പ്രൊജക്റ്റുകളുടെ ആകെ ചെലവ് എന്നത് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ I-6 ഷെഡ്യൂളിൽ കാണുന്നതാണ്. അതേസമയം നേരിട്ട് ചെലവഴിക്കുന്ന തുക മാത്രമാണ് റസീപ്റ്റ് & പേമെന്റ് പക്രികയിലെ RP-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2. ജോയിന്റ് വെൻചർ പ്രൊജക്റ്റുകൾക്കുവേണ്ടി ജില്ലാ - ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് മുൻവർഷം ലഭിച്ചതുൾപ്പെടെയുള്ള തുകയിൽ നിന്ന് 2019-2020 സാമ്പത്തികവർഷം ചെലവഴിച്ചത് കിഴിച്ച് 31.03.2020ൽ നീക്കിബാക്കി നിൽക്കുന്നത് 41,10,663/- രൂപയാണ്. എന്നാൽ ജോയിന്റ് വെൻചർ പ്രൊജക്റ്റുകൾക്കുവേണ്ടിയുള്ള ട്രഷറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 31.03.2020ൽ നീക്കിയിരുപ്പ് കാണുന്നത് 39,93,077/- രൂപയാണ്. 1,17,586/- രൂപയുടെ വ്യത്യാസം കാണുന്നു.

2012-13 സാമ്പത്തിക വർഷം പാവക്കാട് എസ്.സി. കോളനി സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തിക്കുവേണ്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 2,00,000/-രൂപയിൽ ചെലവായ 1,31,264/- രൂപ കിഴിച്ച് ബാക്കിനിൽക്കുന്ന 68,736/-രൂപയും, എം.ആർ. സ്കോളർഷിപ്പിനുവേണ്ടി ലഭിച്ച തുകയിൽ ചെലവ് കഴിച്ച് ബാക്കി നിൽക്കുന്ന 48,850/- രൂപയും ഉൾപ്പെടെയുള്ള 1,17,586/-രൂപ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിൽ ആണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്. ടി തുക തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് സംയുക്തപ്രൊജക്റ്റുകൾക്കായുള്ള ട്രഷറി എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാൽ മാത്രമേ മേൽവ്യത്യാസം പരിഹരിക്കാനാവൂ.

ഇത് കൂടാതെ സംയുക്ത പദ്ധതികൾക്കുവേണ്ടി ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾ മുൻവർഷങ്ങളിൽ നല്കിയ തുകയിൽ ലൈഫ് ഭവന പദ്ധതിക്കുവേണ്ടി ലഭിച്ച 7,21,370/- രൂപ ബ്ലോക്ക് വിഹിതവും, 19,68,000/- രൂപ ജില്ലാപഞ്ചായത്ത് വിഹിതവും ചെലവാകാതെ ബാക്കിനിൽക്കുന്നുണ്ട്. ഈ തുക ചെലവാക്കാനുള്ള നടപടി സ്വീകരിക്കുകയോ, അല്ലാത്തപക്ഷം അതത് കോൺട്രിബ്യൂട്ടിംഗ് എൽ.എസ്.ജി.ഐ-യുമായി ബന്ധപ്പെട്ട് ചെലവാക്കാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കാനുള്ള നടപടി കൈക്കൊള്ളുകയോ ചെയ്യേണ്ടതാണ്.

2019-20 സാമ്പത്തികവർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ

1. വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ പ്രൊജക്റ്റുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടെങ്കിൽ ആ ചെലവ് കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ് പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ് പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വരേണ്ടത്. ഇവിടെ 6,66,296/- രൂപയാണ് ജി.ഒ പ്രൊജക്റ്റുകൾക്കുവേണ്ടി മാറ്റിയത്. ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ ആയി വിവിധ ഫണ്ടിനങ്ങളിൽ നിന്ന് 1,15,16,072/- രൂപയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

2. 2018-19 വർഷത്തെ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ( 312 100 101 ) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2019-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 8,11,66,563/- രൂപയാണ്. 2019-2020 ൽ ഇതേ ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2020-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 9,26,82,635/-രൂപയാണ്. ഈ ഹെഡ് ഓഫ് അക്കൗണ്ടിലെ മുന്നിരിപ്പും, നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 1,15,16,072/- രൂപയാണ്. അതായത് തൻവർഷം ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ ഇനത്തിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് ഈ ഹെഡിലേക്ക് മാറ്റിയിട്ടിരിക്കുന്ന ആകെ തുകയായി വരേണ്ടതും 1,15,16,072/-രൂപയാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള കണക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു .

| ഫണ്ടിനം | As Per RP-7 | കൂട്ടുക- ജി.ഒ പ്രൊജക്റ്റുകൾ | കുറയ്ക്കുക- ക്യാപ്പിറ്റൽ | As Per I-6 റവന്യൂ |
|---|---|---|---|---|

| | | ക്കുവേണ്ടി നീക്കിവെച്ച തുക | കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | ഇൻകം |
|---|---|---|---|---|
| Dev.Fund -General | 1,17,49,379 | 6,66,296 | 21,40,122 | 1,02,75,553 |
| Dev.Fund -SCP | 33,73,113 | - | 6,60,102 | 27,13,011 |
| Central Finance Commission Grant | 53,32,835 | - | 51,98,624 | 1,34,211 |
| Maintenance Grant( Road) | 1,43,09,897 | - | 33,12,994 | 1,09,96,903 |
| Maintenance Grant (Non-Road) | 16,30,756 | - | 2,04,230 | 14,26,526 |
| ആകെ | | 6,66,296 | 1,15,16,072 | |

2019-20 സാമ്പത്തികവർഷം കറുകുറ്റി ഗ്രാമപഞ്ചായത്തിന് ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ് .

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവിന്റെ ശതമാനം | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,20,53.404 | 1,17,49,379 | 97.48 | 3,04,025 | 2.52 |
| വികസന ഫണ്ട് (എസ്.സി.പി) | 55,84,000 | 33,73,113 | 60.41 | 22,10,887 | 39.59 |
| വികസനഫണ്ട് (ടി.എസ്.പി) | 1,17,000 | 0 | 0 | 1,17,000 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2,82,44,000 | 1,43,09,897 | 50.66 | 1,39,34,103 | 49.33 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 41,22,000 | 16,30,756 | 39.56 | 24,91,244 | 60.44 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 96,73,385 | 53,32,835 | 55.13 | 43,40,550 | 44.87 |
| | | | | | |

വികസനഫണ്ട് (ജനറൽ) ഒഴിച്ച് ബാക്കി എല്ലാ ഗ്രാന്റിനങ്ങളിലും 2019-2020 ൽ ചെലവ് വളരെയധികം കുറവാണെന്നും കാണാവുന്നതാണ്. പ്രത്യേകിച്ച് വികസനഫണ്ട് (ടി.എസ്.പി) ഫണ്ടിൽ തൻവർഷം ഒരു രൂപ പോലും ചെലവാകാതെ തുക ലാപ്സായിപ്പോവുകയാണുണ്ടായത്. സംരക്ഷണ ഗ്രാന്റ് (റോഡ്), സംരക്ഷണ ഗ്രാന്റ് (റോഡിതരം), ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഗ്രാന്റുകളിൽ 40 ശതമാനത്തിലധികം തുകയും വർഷാവസാനം ലാപ്സായിപ്പോവുകയാണുണ്ടായത്. ഇപ്രകാരം ഗ്രാന്റിനത്തിലെ ഫണ്ടുകളുടെ ചെലവിൽ ഉണ്ടായ കുറവിന് കൃത്യമായ കാരണം വിലയിരുത്തി അടുത്തവർഷങ്ങളിൽ കാര്യക്ഷമമായ ഫണ്ട് വിനിയോഗം ഉറപ്പുവരുത്താൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി അടങ്കൽ | നടപ്പാക്കി | പദ്ധതി ചെലവ് | ഭാഗികമായി നട | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | യത് (എണ്ണം) | | പ്പാക്കി യത് (എണ്ണം) | ത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 358 | 109564539 | 172 | 49848103 | 6 | 180 | 48% |

2019-2020 സാമ്പത്തിക വർഷം ആകെ അംഗീകാരം വാങ്ങിയ പ്രൊജക്ടുകളിൽ 50% ൽ താഴെ മാത്രമേ തൻവർഷം പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞുള്ളൂ. പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് 97.48% ചെലവുണ്ടെങ്കിലും, പ്രത്യേക ഘടകപദ്ധതി വിഹിതത്തിൽ നിന്നും 60.41% മാത്രമേ ചെലവുള്ളൂ. കൂടാതെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് തൻവർഷം ചെലവൊന്നുമുണ്ടായിട്ടില്ല. മെയിന്റനൻസ് (റോഡ് ) ഫണ്ടിൽ നിന്ന് 50.66%വും, മെയിന്റനൻസ് (റോഡിതരം ) ഫണ്ടിൽ നിന്ന് 39.56%വും, ധനകാര്യക്കമ്മീഷൻ അവാർഡ് തുക 55.13% വും മാത്രമേ ചെലവുള്ളൂ. 2019-2020 സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിൽ കോവിഡ് മഹാമാരി മൂലം പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ കുറവ് വന്നിരുന്നു. എന്നാൽ കൃത്യമായ ആസൂത്രണക്കലണ്ടറിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം നടന്നിരുന്നുവെങ്കിൽ സാമ്പത്തികവർഷത്തിന്റെ അവസാനത്തിലേക്ക് പ്രൊജക്ടുകളുടെ നിർവ്വഹണം നീട്ടിവെയ്ക്കുന്നതുമൂലമുള്ള അപാകതകൾ ഒഴിവാക്കാമായിരുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3651 | 1048354 | 1052005 | 1047411+4593* | 1 |
| ഗുണ ഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 11685582 | 11685582 | 11685582 | 0 |
| | 3651 | 12733936 | 12737587 | 12732993+4593 | 1 |

4593 രൂപ Nregs മിഷന് തിരിച്ചടച്ചു

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.09.2021-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18377/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 960 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 2134200 | 356 |
| വിധവാപെൻഷൻ | 6780600 | 1191 |
| വാർദ്ധക്യകാലപെൻഷൻ | 13950600 | 2312 |
| വികലാംഗപെൻഷൻ | 1988000 | 330 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 622200 | 74 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തനത്തിൽ കാര്യമായ അപാകതകളില്ല.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനവും പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. രജിസ്റ്ററുകളുടെ പരിപാലനം കാര്യക്ഷമമല്ല.
2. ആസ്തികളുടെ പരിപാലനത്തിനായി ആവശ്യകത അടിസ്ഥാനമാക്കി പ്ലാൻ തയ്യാറാക്കിയിട്ടില്ല.
3. ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്തത് കാലികമാക്കി പരിപാലിക്കണം.
4. ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിച്ചിട്ടില്ല.
5.പദ്ധതി ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

## 1-9-1 വിവരാവകാശം

വിവരാവകാശനിയമപ്രകാരമുള്ള വിവരം ലഭ്യമാക്കുന്നതിന് 2019 വർഷം 113 അപേക്ഷകൾ പഞ്ചായത്തിൽ ലഭിച്ചു. ലഭിച്ച അപേക്ഷകൾക്കെല്ലാം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മറുപടി നൽകിയിട്ടുണ്ട്.

## 1-9-2 ഗ്രാമസഭ

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും രണ്ട് തവണ വീതം ഗ്രാമസഭ ചേർന്നിട്ടുണ്ട്. 2020 മാർച്ച് മാസം ചേർന്ന ആസൂത്രണഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുടെയും, പിന്നീട് ചേർന്ന വികസന സെമിനാറിന്റെയും അടിസ്ഥാനത്തിലാണ് 2020-2021 വാർഷിക പദ്ധതി തയ്യാറാക്കിയത്. 2020-21 വർഷത്തിൽ കോവിഡ് സാഹചര്യങ്ങൾ കാരണം മറ്റ് ഗ്രാമസഭകളൊന്നും ചേർന്നിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ സംബന്ധിച്ച്

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-1-2021 | 2020 ഡിസംബർ | 22.10.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-9-2012 മുതൽ 22-9-2012 വരെ | 2007-08മുതൽ 2011-12വരെ | 3-12-2012 |

## 1-11 ഓഡിറ്റ് ഇംപാക്ട് - തുക അടവാക്കി

കൈയ്യെഴുത്ത് രസീതുകൾ പ്രകാരം കളക്ഷനായി ലഭിച്ച തുകയും പഞ്ചായത്തിൽ ഒടുക്കിയ തുകയും പൊരുത്തപ്പെടാത്തത് സംബന്ധിച്ച് നൽകിയ 15.09.2021 ലെ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 16.09.2021 ലെ 121030101945-ാം നമ്പർ രസീത് പ്രകാരം 616/- രൂപ അടവാക്കി.

## 1-12 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ

വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കുവാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 2019-20 അർദ്ധവർഷം |
|---|---|---|---|
| 1 | 48 | ശ്രീരാം ആട്ടോമാൾ | II |
| 2 | 55 | ആദം പബ്ലിക് സ്കൂൾ | II |
| 3 | 56 | ഡ്രീം സ്റ്റോൺ ടൈൽസ് | II |
| 4 | 59 | ഹോട്ടൽ എം-സ്റ്റാർ | II |
| 5 | 72 | എച്ച് ഡി എഫ് സി | I |
| 6 | 73 | സെന്റ് ജോസഫ് വുഡ് ഇഡസ്ട്രീസ് | I |

3) 2019-20 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്നും സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ അതിന്റെ പേരിനു നേരെ ചേർത്തിരിക്കുന്ന എണ്ണം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | B3-1150/19 തീ: 27.02.2019 | കോളിംഗ് ബെൽ ഹെൽത്ത് കെയർ ക്ലിനിക് & ലബോറട്ടറി | 4 |
| 2 | B3-1148/19 തീ:27.02.2019 | കോളിംഗ് ബെൽ ഹോസ്പിറ്റൽ, എടക്കുന്ന് | 7 |
| 3 | B3-3436/19 തീ: 25.06.2019 | ഗ്രേയ്സ് ഫാമിലി ഹെൽത്ത് കെയർ ക്ലിനിക് | 4 |
| 4 | B3-450/20 തീ: 22.01.2020 | ദേവ്സ് ഫാമിലി ഹെൽത്ത് കെയർ & മെഡി ക്ലിനിക്, കറുകുറ്റി | 7 |

4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റേഷൻ കടകൾ, കള്ള ഷാപ്പുകൾ മുതലായ സ്ഥാപനങ്ങൾ, വിവിധ മരാമത്ത് പ്രവർത്തികൾ എറ്റെടുത്തു നടത്തുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നികുതിപരിധിയിൽ വരുന്നവരിൽ നിന്നും നിയമാനുസൃതം നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കമ്മ്യൂണിറ്റി ഹാൾ, അയ്യങ്കാളി ഓഡിറ്റോറിയം എന്നിവയുടെ വാടക – അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ, അയ്യങ്കാളി ഓഡിറ്റോറിയം എന്നിവ വാടകയ്ക്ക് നൽകുന്നുണ്ട്. ഇവയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങണം

കമ്മ്യൂണിറ്റി ഹാൾ, അയ്യങ്കാളി ഓഡിറ്റോറിയം എന്നിവയുടെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ്(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) ചരക്ക് സേവന നികുതി ഇടാക്കിയിട്ടില്ല

വാടക തുകകളിന്മേൽ ചട്ട പ്രകാരം ഈടാക്കേണ്ട ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. വാടക തുകകളിന്മേൽ നിയമാനുസൃത ചരക്ക് സേവന നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിലെ ഓഡിറ്റോറിയം & ഹാൾ വാടക വരവ് - 215875/- രൂപ

2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റോറിയം & ഹാൾ വാടക വരവ് - 30750/- രൂപ

സി) വാടക ഈടാക്കേണ്ടതാണ്

കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ദിവസങ്ങളിൽ കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ടി ദിവസങ്ങളിൽ വാടക ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. മാത്രമല്ല വാടക ഒഴിവാക്കി നൽകുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ പഞ്ചായത്ത് കമ്മറ്റിയോ തീരുമാനമെടുത്തതായും കാണുന്നില്ല.

| ക്രമ നം. | തീയതി | ബുക്ക് ചെയ്ത ആളുടെ പേര് | റിമാർക്ക്സ് |
|---|---|---|---|
| 1 | 04.08.2019 | ഷൺമുഖൻ | സി.പി.എം പാർട്ടി യോഗം നടത്തുന്നതിന് |
| 2 | 03.12.2019 | ഡേവിഡ് ജെ പൈനാടത്ത് | റെസിഡൻസ് അസോസിയേഷൻ മീറ്റിംഗ് |
| 3 | 29.01.2020 | എം വി പപ്പു | പെൻഷണേഴ്സ് യൂണിയൻ വാർഷികം |
| 4 | 28.09.2021 | ജോമോൻ ജോർജ് | കോൺഗ്രസ് മണ്ഡലം കൺവെൻഷൻ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/18.09.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ടാറിംഗ് പ്രവൃത്തികൾ- കാലി വീപ്പയുടെ വില ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള റോഡ് ടാർ/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ -VG30, RS1 & SS1- ന്റെ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ചുള്ള നിരക്ക് കരാറുകാർക്ക് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വിലയായ 238/- രൂപ + 18 % ജി.എസ്.ടി കുറവു ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | ആകെ പ്രവൃത്തി മൂല്യം | ഉപയോഗിച്ച ആകെ ബാരലുകളുടെ എണ്ണം (അളവ് പുസ്തകം പ്രകാരം) | അളവു പുസ്തകം | ഈടാക്കേണ്ട തുക 238/ ബാരൽ +18% GST | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 79/20- പാറപ്പുറം- സുബ്രമണ്യ ക്ഷേത്രം റോഡ് റീടാറിംഗ് | 4,03,764 | 9 | 508/ 18-19, പേജ് നം 19. | 2142+ 386 | ബൈജു ബേബി |
| 2 | 131/20- എളവൂർ കവല വെളി ചെണ്ണ മിൽ റോഡ് റീടാറിംഗ് | 3,99,393 | 19 | 762/ 18-19, പേജ് നം,33 | 4522+ 814 | ബേബി. പി.വി |
| 3 | 130/ 19-20 ചെമ്പൻ താഴം ഇറി ഗേഷൻ- സെന്റ്. ആന്റണി കപ്പേള റോഡ്- റീടാറിംഗ് | 5,09,866 | 22 | 362/ 18-19, പേജ് നം47 | 5236+ 942 | ബേബി. പി.വി |
| 4 | ചീനി കുപ്പി കമ്പനി റോഡ് റീ ടാറിംഗ്- | 2,59,508 | 13 | 768/ 18-19, പേജ് നം 12 | 3094+ 557 | കെ.ഐ. വർഗീസ് |

മേൽ പട്ടികയിലെ ക്രമ നം 1, 3 എന്നീ പ്രവൃത്തികളുടെ എം. ബുക്കിൽ ബിൽ സമ്മറി രേഖപ്പെടുത്തിയ പേജിൽ ബാരലിന്റെ വില കുറവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ട്രഷറി ബില്ലിൽ ആ തുക കുറവ് ചെയ്തതായി കാണുന്നില്ല. അപാകത പരിശോധിക്കേണ്ടതാണ്. പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് കരാറുകാരന് അനുവദിച്ചിട്ടുള്ളതിനാൽ കാലിവീപ്പയുടെ വില 18 % GST ഉൾപ്പെടെ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. സമാനമായ മറ്റ് പ്രവൃത്തികളിലും ഇപ്രകാരം വില ഈടാക്കാനുണ്ടെങ്കിൽ അതു കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം 9 ) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി കാലിവീപ്പയുടെ വില 14,994/- രൂപ തനതു ഫണ്ടിലേക്കും, 2,699/- രൂപ GST ഇനത്തിലുള്ള നികുതി സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം- കെൽട്രോണിന് അധികമായി അടച്ച തുക തിരികെ ഈടാക്കണം

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പർ | S0056/20 | |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് | |
| അടങ്കൽ | 90,000/- (പ്രത്യേക ഘടക പദ്ധതി വിഹിതം ) | |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| ചെലവഴിച്ച തുക | 68,109/- | ട്രഷറി ബിൽ നം. 13/19-20 തീയതി. 28/12/2019 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് എന്ന പ്രൊജക്ടിന്റെ ഭാഗമായി 3 വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നല്കുകയുണ്ടായി. ജി. ഒ (എം.എസ്.) 22/ 2018/ തസ്വഭവ തീയതി. 14.02.2018ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് ഗുണഭോക്താക്കളായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ആനുകൂല്യങ്ങൾ നല്കിയിരിക്കുന്നത്.

ഈ പ്രൊജക്ടിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഐ.ടി മിഷൻ നിഷ്കർഷിച്ചിരിക്കുന്ന സ്പെസിഫിക്കേഷനോടുകൂടിയ Lenovo Model ലാപ്പ് ടോപ്പുകൾ ആണ് CRPCS പോർട്ടലിൽ നിന്ന് വാങ്ങാൻ ഓർഡർ നല്കിയത്. പദ്ധതിയുടെ നിബന്ധനപ്രകാരം കേരള ഐ.ടി മിഷനുവേണ്ടി KELTRON അയച്ചുതന്ന പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG

/P1/RC/11727/ 19-20- 23-11-2019 പ്രകാരം 3 ലാപ്പ് ടോപ്പുകൾക്ക് 22,703/- രൂപ പ്രകാരം 68,109/- രൂപ ട്രഷറിയിൽ നിന്ന് ബില്ല് മുഖേന മാറി KELTRON ന് നല്കിയിട്ടുണ്ട്. (ട്രഷറി ബിൽ നം. 13/19-20 തീയതി. 28/12/2019). മേൽപ്പറഞ്ഞ 3 ലാപ്പ് ടോപ്പുകളും 05/11/2020ലാണ് പഞ്ചായത്തിൽ ലഭിക്കുന്നത്. Lennovo India Ltd. കമ്പനിയുടെ ബാംഗ്ലൂർ ഓഫീസിൽ നിന്ന് Blue Dart Express Limitedവഴി കുറുകറ്റി ഗ്രാമപഞ്ചായത്തിലേക്ക് നേരിട്ട് വന്ന ലാപ്പ് ടോപ്പുകളുടെ യഥാർത്ഥവില താഴെപ്പറയും പ്രകാരമാണ്. (Eway Bill No. 1512 6657 5579 Dtd. 05/11/2020)

| Item | Cost | GST | Total | Nos. | Grant Total |
|---|---|---|---|---|---|
| Lennovo Model- Laptop | 17750 | 3195 | 20945 | 3 | 62835 |
| Carry Bag | 500 | 90 | 590 | 3 | 1770 |
| KB/Mouse | 250 | 45 | 295 | 3 | 885 |
| | | | | Total | 65490 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 16 തീ. 22.9.2021) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം കെൽട്രോണിന് അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കാൻ ഉടൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വീട് വാസയോഗ്യമാക്കൽ (ജനറൽ) - കെട്ടിടത്തിന്റെ ഉടമസ്ഥരല്ലാത്തവരുടെ പേരിൽ തുക മാറി നൽകിയിരിക്കുന്നു

| | |
|---|---|
| പ്രൊജക്ട് നം. 2 | വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| ഫണ്ട് | 1. വികസന ഫണ്ട് (പൊതു വിഭാഗം) - 248486 രൂപ,<br>2. തനത് ഫണ്ട് – 771514 രൂപ |
| ആകെ അടങ്കൽ | 1020000/- രൂപ |
| ചെലവ് | 1. വികസന ഫണ്ട് (പൊതു വിഭാഗം) - 248486 രൂപ<br>2. തനത് ഫണ്ട് - 499255 രൂപ |

എ) മേൽ പദ്ധതി പ്രകാരം മേരി ഫ്രാൻസിസ്, W/o എം.ജെ ഫ്രാൻസിസ് എന്നവർക്ക് എൽ.എസ്.ജി.ഡി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 29001/- രൂപ അനുവദിച്ചിട്ടുണ്ട് (ബിൽ നം. 01/19-20/16.10.2019). എന്നാൽ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് (നം. 5063701/422/ 2019/21.10.2019) പ്രകാരം ഉടമസ്ഥന്റെ പേര് വറീത് ജോസഫ് എന്നാണ്.

ബി) മേൽ പദ്ധതി പ്രകാരം നിബിൻ സെബാസ്റ്റ്യൻ, S/o സെബാസ്റ്റ്യൻ എന്നവർക്ക് എൽ.എസ്.ജി.ഡി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 30000/- രൂപ അനുവദിച്ചിട്ടുണ്ട് (റിക്വിസിഷൻ നം. 506370090119009/13.02.2020). എന്നാൽ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് (നം. ബി2-3994/26.07.2019) പ്രകാരം ഉടമസ്ഥന്റെ പേര് ഷിജി സെബാസ്റ്റ്യൻ എന്നാണ്.

കെട്ടിടത്തിന്റെ ഉടമസ്ഥരല്ലാത്തവരുടെ പേരിൽ സബ്സിഡിതുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/14.09.2021) മേൽ ഗുണഭോക്താക്കൾ പ്രസ്തുത കെട്ടിടങ്ങളിൽ താമസിക്കുന്നവരാണെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ളതിനാലാണ് തുക ടി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മാറി നൽകിയതെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്. അർഹതയ്ക്ക് വിധേയമായി വീടിന്റെ ഉടമക്ക് അല്ലെങ്കിൽ അവരുടെ ഭാര്യ/ഭർത്താവിന് മാത്രം ഇത്തരം ആനുകൂല്യങ്ങൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം കുടുംബത്തിലെ മറ്റ് അംഗങ്ങളിൽ നിന്നും ആവശ്യമായ നിരാക്ഷേപപത്രങ്ങൾ ലഭ്യമായശേഷം മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 വീട് വാസയോഗ്യമാക്കൽ പദ്ധതികൾ - എസ്റ്റിമേറ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയും പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതികൾ വി.ഇ.ഓ നിർവ്വഹണം നടത്തിയിട്ടുണ്ട്.

| പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 2, വീട് വാസയോഗ്യമാക്കൽ (ജനറൽ) | 1020000 | 747741 |

| | | |
|---|---|---|
| 11, വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) | 1470500 | 649528 |
| 18, ആശ്രയ വീട് വാസയോഗ്യമാക്കൽ | 100000 | 50000 |

മേൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ) ഖണ്ഡിക 6.7.6 പ്രകാരം 'വീട് വാസയോഗ്യമാക്കൽ' പദ്ധതിയിലെ ഗുണഭോക്താക്കൾ വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല.

2. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018 /തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/20.09.2021) ഗുണഭോക്താകളിൽ നിന്നുള്ള എസ്റ്റിമേറ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഭാവിയിൽ ഫയലിൽ സൂക്ഷിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ, പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം , പേര് | 156/2019-20, പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക /ഫണ്ട് | 1,50,000/- രൂപ (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 1,50,000/- രൂപ (ബിൽ നം 08/19-20, 29.12.2019) |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

2019-20 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിലൂടെ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അവരുടെ പ്രൊഫോർമ്മ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ( No. PRF 1626/14.10.2019) 1,50,000/- രൂപ നൽകിയിട്ടുണ്ട്. 1,05,080//- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളത്. ബാക്കി 44,920/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അതുവരെ 44920/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പ്രത്യേക കന്നുകട്ടി പരിപാലനം-ചെലവഴിക്കാത്ത തുക തിരികെ ഈടാക്കണം

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 168/2019-20, പ്രത്യേക കന്നുകട്ടി പരിപാലനം |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 2,12,500/(തനതുഫണ്ട്) |
| ചെലവ് | 2,12,500/- |
| ബിൽ /ചെക്ക് നമ്പർ | 2664162/12.10.19-2,12,500/- |

4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കുന്നതിനായുള്ള മേൽ പദ്ധതിയിൽ 34 കന്നുകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കന്നുകുട്ടി ഒന്നിന് തദ്ദേശ സ്ഥാപന വിഹിതമായ 6250/- നിരക്കിൽ ആകെ 2,12,500/- രൂപ വകയിരുത്തി പ്രോജക്ട് ഓഫീസർ, ആലുവ-യ്ക്ക് കൈമാറിയിട്ടുള്ളത്. കന്നുകുട്ടികൾക്ക് 32 മാസം പ്രായം തികയുകയോ ഗർഭം ധരിക്കുകയോ, ഇതിലേതാണോ ആദ്യം വരുന്നത് അതുവരെയാണ് പദ്ധതിയിൽ ആനുകൂല്യം നൽകുന്നത്. ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുകയിൽ വിവിധ കാരണങ്ങളാൽ കുറച്ച് തുക ചെലവാകാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | ജോളി ജേക്കബ് | 8032 |
| 2 | ഷാജൻ | 8710 |
| 3 | ബാബു. പി വി | 4304 |
| 4 | സാജു പി.കെ | 7354 |
| 5 | ട്രിജി ജോബി | 7354 |
| 6 | ഡേവിസ് | 7354 |
| 7 | അന്നംകുട്ടി ജോസഫ് | 7354 |

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇങ്ങനെ ചെലവാകാതെ അവശേഷിക്കുന്ന തുകയുടെ തദ്ദേശസ്ഥാപന വിഹിതം തിട്ടപ്പെടുത്തി വരുന്ന പ്രോജക്ടുകളിൽ ക്രമീകരിക്കുകയോ അല്ലാത്ത പക്ഷം തിരികെ ഈടാക്കുകയോ ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.കരാറുകാരന് അധികതുക നൽകി

2019-20 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന ഇലക്ട്രിഫിക്കേഷൻ പ്രവർത്തികളുടെ ബിൽ തുക നൽകുമ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

A. 93, 94 അങ്കണവാടി ഇലക്ട്രിഫിക്കേഷൻ ,മോട്ടോർ സ്ഥാപിക്കൽ & എ. സി

പ്രൊജക്ട് നമ്പർ - 267/20

ഫണ്ട് - M.G.(N.R)

അടങ്കൽ - 135754

ചെലവ് - 50731

ബിൽ - 17/17.7.19

എസ്റ്റിമേറ്റ് (PAC) – 50754

കരാറുകാരൻ - ശ്രീ. അശോകൻ നായർ

ടെണ്ടർ നിരക്ക് - 8.6% Below ER

കരാർ - 11/19/5.2.19

അളവ് പുസ്തകം - 15/18-19

ആകെ പ്രവൃത്തിമൂല്യം - 50731

ടെണ്ടർ കുറവ് (8.6%) - 4363

---------------

46368

കരാറുകാരന് പ്രവൃത്തിമൂല്യമായ 50731 രൂപയിൽ നിന്നും നികുതികൾ (IT – 507, KCWF – 507) കുറച്ച് 49717 രൂപയാണ് നൽകിയിട്ടുള്ളത്. ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് അധികതുക -(4363)നൽകിയിട്ടുണ്ട്

B. 95 നമ്പർ അങ്കണവാടി ഇലക്ട്രിഫിക്കേഷൻ & എ . സി

പ്രൊജക്ട് നമ്പർ - 254/20

ഫണ്ട് - M.G.(N.R)

അടങ്കൽ - 106742

ചെലവ് - 103733

ബിൽ - 13/17.7.19

എസ്റ്റിമേറ്റ് (PAC) – 98519

(KSEB – 4200

Estimate Preparation , Supervision, - 2956.57

Check Measurement – 985.19

Contingency – 82.24 എന്നിവ ഉൾപ്പെടെ ആകെ - 106742)

കരാറുകാരൻ - ശ്രീ. അശോകൻ നായർ

ടെണ്ടർ നിരക്ക് - 8.9% Below ER

കരാർ - 12/19/5.2.19

അളവ് പുസ്തകം - 13/18-19

ആകെ പ്രവൃത്തിമൂല്യം - 97049 (KSEB – 2743

Estimate Preparation , Supervision, - 2956 എന്നിവ ഉൾപ്പെടെ 103732)

Check Measurement – 985 ഉൾപ്പെടെ 103732)

ടെണ്ടർ വ്യതിയാനം കുറവ് ചെയ്യേണ്ടത്(8.9%) - 97049*8.9% - 8637

കരാറുകാരന് പ്രവൃത്തിമൂല്യമായ 97049 + 2743= 99792രൂപയിൽ നിന്നും നികുതികൾ (IT – 998 , KCWF – 998) കുറച്ച് 97796 രൂപയാണ് നൽകിയിട്ടുള്ളത്. ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് അധികതുക -(8637) -നൽകിയിട്ടുണ്ട്

C.കൃഷിഭവൻ ഇലക്ട്രിഫിക്കേഷൻ

പ്രൊജക്ട് നമ്പർ - 253/20

ഫണ്ട് - M.G.(N.R)

അടങ്കൽ - 49002

ചെലവ് - 48835

ബിൽ - 15/19.7.19

എസ്റ്റിമേറ്റ് (PAC) – 47056 (Estimate Preparation , Supervision, - 1881 , Contingency - 59എന്നിവ ഉൾപ്പെടെ 49000)

കരാറുകാരൻ - ശ്രീ. അശോകൻ നായർ

ടെണ്ടർ നിരക്ക് - 8.1% Below ER

കരാർ - 10/19/5.2.19

അളവ് പുസ്തകം - 14/18-19

ആകെ പ്രവൃത്തിമൂല്യം - 46952

ടെണ്ടർ കുറവ് (8.1%) - 3803

---------------

443149

കരാറുകാരന് പ്രവൃത്തിമൂല്യമായ 46952 രൂപയിൽ നിന്നും നികുതികൾ (IT – 469, KCWF – 469) കുറച്ച് 46014 രൂപയാണ് നൽകിയിട്ടുള്ളത്. ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ കരാറുകാരന് അധികതുക (3803)

നൽകിയിട്ടുണ്ട്.

മേൽപറഞ്ഞ 3 പ്രവർത്തികളിലായി ആകെ 4363+8637+3803 = 16803 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (11/18.9.21)-ക്ക് മറുപടി ലഭ്യമായില്ല. തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ആയുർവേദമരുന്നുകൾ - എക്സ്പയറി ഡേറ്റ് കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിലെടുത്തു

പ്രൊജക്ട് - ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ (192/20)

നിർവഹണം - മെഡിക്കൽ ഓഫീസർ

അടങ്കൽ - 7,00,000

ചെലവ് -700000

ബിൽ റഫറൻസ് നമ്പറും തിയതിയും - 19110952009200745296/28.10.19

2019-20 വർഷത്തിൽ ആയുർവേദ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് പ്രകാരം 700000 രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിവിധ തിയതികളിലായി ലഭിച്ച ചില മരുന്നുകൾ എക്സ്പയറി തിയതി കഴിഞ്ഞവയാണ് . ചില മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യുമ്പോഴേക്കും കാലാവധി കഴിഞ്ഞിരുന്നു. വിശദവിവരം താഴെ ചേർക്കുന്നു.
ഇൻവോയ്സ് നം. 90142162/30.11.19 പ്രകാരം 11.12.19 ന് ലഭിച്ച മരുന്നുകളിൽ (Sl.no-20) മഞ്ജിഷ്ഠാദി Kc 500 Gm -15 എണ്ണത്തിന്റെ Expiry Date 3/19 ആണ്. (ബാച്ച് നം K 23182 ആകെവില – 1230/). എന്നാൽ മരുന്ന് സ്റ്റോക്കിലെടുത്ത് (രജിസ്റ്റർ പേജ് 19 ) വിതരണം ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നം. 90142162/30.11.19 Sl.no-65 പ്രകാരം 11.12.19 ന് ലഭിച്ച കർക്കിടകകഞ്ഞി 70 Gm – 40 എണ്ണത്തിന്റെ Expiry Date 6/20 ആണ്. (ബാച്ച് നം F 1188 വില – 2840/-). പ്രസ്തുത മരുന്നുകൾ 1.7.20 നാണ് വിതരണം ചെയ്തത്(സ്റ്റോക് രജിസ്റ്റർ പേജ് 219). ഇതേ ഇൻവോയ്സ് Sl.no-64 സാരസ്വതചൂർണ്ണം 500gm-5 എണ്ണത്തിന്റെ Expiry Date 7/20 ആണ്. (ബാച്ച് നം C 68181). പ്രസ്തുത മരുന്നിൽ 1 പാക്കറ്റ് 1.1.20 നും 1 പാക്കറ്റ് 1.9.20 നുമാണ് വിതരണം ചെയ്തത്(സ്റ്റോക് രജിസ്റ്റർ പേജ്87) 3 പാക്കറ്റ് നിലവിലും ബാലൻസ് ഉണ്ട്.
കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിലെടുത്ത് ഉപയോഗിച്ചതായാണ് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയോ വർഷാന്ത്യത്തിൽ ഭൗതികപരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക്-12/19.9.21- മറുപടിയായി കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നും ഔഷധിയെ വിവരം അറിയിച്ചിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്.

ലഭ്യമായ മരുന്നുകൾ ഉപയോഗയോഗ്യമാണ് എന്ന് ഉറപ്പുവരുത്തിയശേഷം മാത്രം സ്റ്റോക്കിലെടുക്കേണ്ടതും കാലാവധി കഴിഞ്ഞ മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കാലാവധി കഴിഞ്ഞവ ഔഷധിക്ക് തിരികെ നൽകി പകരം മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 കെൽട്രോണിൽ നിന്നും പ്രിന്റർ ലഭ്യമായില്ല

പ്രിന്റർ വാങ്ങൽ - 334/20

നിർവഹണം - സെക്രട്ടറി

അടങ്കൽ - 30000

ചെലവ് -30000

പഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്റർ വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും 30000 രൂപ (വൗച്ചർ - 21901455/18.3.20) പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. കെൽട്രോണിന്റെ ഇൻവോയ്സ് (നം -ഇല്ല. തിയതി - 31.12.19) മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി 11/18.9.21 ന് മറുപടിയായി പ്രിന്റർ ഇതുവരെ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. പ്രിന്റർ ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രിന്റർ ലഭ്യമാകുന്നത് വരെ ചെലവ് തുകയായ 30,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 തെരുവ് വിളക്ക് മെയിന്റനൻസ് - നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 164/20 |
| നിർവഹണം | സെക്രട്ടറി |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 1230550/- |
| ചെലവ് | 1111352/- |
| വൗച്ചർ നം | 21900804/18.0.19- 185308<br>21901386/6.3.20- 464611<br>21900999/6.12.19- 461433 |

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഏറ്റവും കുറവ് നിരക്ക് ടെൻഡർ ചെയ്ത ലിന്റോ വർഗീസ് എന്ന കരാറുകാരന് (കരാർ നം- 2/20/6.11.19) തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് പ്രോജക്റ്റ് പ്രകാരം 11,11,352/- രൂപ നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെയാണ് തെരുവ് വിളക്ക് പരിപാലനത്തിന് തുക നൽകിയത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1)തെരുവ് വിളക്ക് രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ ഇനവും, ലൈറ്റുകൾ സ്ഥാപിച്ച തിയതി, റീപ്ലേസ്മെന്റ് വാറന്റി സമയപരിധി, സർവീസ് വാറന്റി കാലാവധി എന്നിവ രേഖപ്പെടുത്തി തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൻമൂലം കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ വാറന്റി കാലാവധി അവസാനിക്കാത്ത ലൈറ്റുകളും മാറ്റി സ്ഥാപിച്ച് അവക്ക് തുക നൽകിയോ എന്ന് പരിശോധിക്കുവാനും സാധിക്കുന്നില്ല.

2)പരാതി രജിസ്റ്റർ: തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് കരാറുകാരൻ യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ പ്രസ്തുത രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പ്രവർത്തനരഹിതമായ തെരുവ് വിളക്കുകൾ റിപ്പയർചെയ്തതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകുകയാണ് ചെയ്തു വരുന്നത്.

കരാറുകാരനും സെക്രട്ടറിയും തമ്മിലുള്ള കരാർ വ്യവസ്ഥ 5 പ്രകാരം റിപ്പയറിന് കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയറുടെ മുൻകൂർ അനുമതി വാങ്ങണമെന്നും വ്യവസ്ഥ 6 പ്രകാരം വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ സൂപ്പർവിഷനിൽ മാത്രമേ പ്രവർത്തി നടത്താവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയിൽ നിന്നും ഇത് സംബന്ധിച്ച സാക്ഷ്യപത്രമൊന്നും ലഭ്യമാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

3)നോഡൽ ഓഫീസർ: ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.എന്നാൽ പ്രസ്തുത പ്രവർത്തനങ്ങളൊന്നും പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.15 /21.09.2021) മറുപടി ലഭിച്ചില്ല. തുടർന്നുള്ള

വർഷങ്ങളിൽ തെരുവ് വിളക്ക് പരിപാലനം പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 എ.ബി.സി. പദ്ധതി -വിനിയോഗവിവരം ലഭ്യമായില്ല

എ.ബി.സി പ്രോഗ്രാം-371/20
നിർവഹണം – സെക്രട്ടറി

അടങ്കൽ - 140000 (തനത് ഫണ്ട്)

ചെലവ് - 139300

വൗച്ചർ - 21901111/21.1.20

എ.ബി.സി പ്രൊഗ്രാം നടപ്പിലാക്കുന്നതിനായി (66 തെരുവ് നായ്ക്കൾക്കായി) പദ്ധതി തുക കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്റർക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/18.9.21)-ന് മറുപടി ലഭിച്ചില്ല. പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ പദ്ധതിക്കായി നൽകിയ 139300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 സമഗ്ര ശിക്ഷ കേരളം- പഞ്ചായത്ത് വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

പ്രൊജക്ട്- സമഗ്ര ശിക്ഷ അഭിയാൻ (1/19-20)
നിർവഹണം – സെക്രട്ടറി

അടങ്കൽ - 1228067 ( പ്ലാൻ)

ചെലവ് - 1228067

ബിൽ നമ്പർ -20/29.8.19

പദ്ധതി പ്രകാരം 1228067 രൂപ എസ്.എസ്.എ. ജില്ലാ പ്രൊജക്ട് കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിലുള്ള ഓഡിറ്റ് എൻക്വയറി -11/18.9.21 -ക്ക് മറുപടി ലഭിച്ചില്ല. പദ്ധതിതുക ചെലവഴിച്ചതിന്റെ വിനിയോഗരേഖകൾ/ സാക്ഷ്യപത്രം (ഓരോ ഇനത്തിലുമുള്ള ചെലവിന്റെ വിവരം ഉൾപ്പെടെ) എസ്.എസ്. എ. യിൽ നിന്നും ലഭ്യമാക്കി തുക ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് ക്രമീകരിക്കുന്നതിനുള്ള നടപടി നിർവഹണഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

## 1-27 ഡെപ്പോസിറ്റ് പ്രവർത്തി - വിനിയോഗവിവരം ലഭ്യമായില്ല

താഴെ സൂചിപ്പിക്കുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി നിർവ്വഹണ ഏജൻസിയായ വൈദ്യുതി ബോർഡിന് 2019-20 ൽ നല്കിയ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി.യും നിർവഹണ ഉദ്യോഗസ്ഥനും തമ്മിൽ കരാർ ചമച്ചതായും കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി- 11/18.9.21- മറുപടി ലഭിച്ചില്ല)

നിർവ്വഹണം -സെക്രട്ടറി

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | ബിൽ/വൗച്ചർ നമ്പരും തുകയും |
|---|---|---|---|---|
| 1 | സ്രാമ്പി കോളനി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - 370/20 | 52678 | 45957 | 31/11.12.19 |

| | | | | |
|---|---|---|---|---|
| 2 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - 369/20 | 50000 | 49841 | 42/28.1.20 |
| 3 | പൊതുശ്മശാനം റോഡിൽ ലൈൻ സ്ഥാപിക്കൽ 325/20 | 150000 | 103840 | 21901016/11.12.19 |
| 4 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- 36/20 | 750000 | 95567 | 35/30.12.19 – 48616 51/13.3.20 – 46951 (കെ.എസ്.ഇ.ബി എസ്റ്റിമേറ്റ് 518162 രൂപയായിരുന്നു. എന്നാൽ 95567 രൂപ മാത്രമേ ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നുള്ളൂ. ബാലൻസ് തുക നിക്ഷേപിച്ചിട്ടുണ്ടോ എന്നും അറിയിക്കേണ്ട താണ് |
| 5 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- 238/20 | 239618 | 148774 | 32/26.12.19- 87320 16/17.7.19-24898 9/14.6.19-36556 |

1-28 കുടിവെള്ളവിതരണം -അപാകതകൾ

വരൾച്ച ദുരിതാശ്വാസ കുടിവെള്ളപദ്ധതി – 265/20

| | തനത് ഫണ്ട് |
|---|---|
| അടങ്കൽ | 500000 |
| ചെലവ് | 254400 |
| ബിൽ | 21901292/15.2.20-20800<br>21901385/6.3.20-33600<br>21900425/23.7.19-200000 |

പദ്ധതി പ്രകാരം പോൾ എബ്രഹാം എന്ന കരാറുകാരന് ടാങ്കർ ലോറിയിൽ കുടിവെള്ളവിതരണം നടത്തിയതിന് 1600രൂപ /Trip നിരക്കിൽ തുക നൽകിയിട്ടുണ്ട്. സ. ഉ. (എം.എസ്) 494/20 /lsgd/27.2.20 പ്രകാരം വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് ചെലവനുമതി നൽകിയിരുന്നു. GPS ഘടിപ്പിച്ച ടാങ്കറിൽ ജലവിതരണം നടത്തണമെന്നും ജി.പി.എസ്. ലോഗ്, വാഹനത്തിന്റെ ലോഗ് എന്നിവ ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി ചെലവ് തുക നൽകാവൂ എന്നും ഉത്തരവിൽ വ്യവസ്ഥയുണ്ട്. മേൽ വ്യവസ്ഥകൾ പാലിക്കാതെ മെമ്പർമാർ ഒപ്പിട്ട ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. ട്രിപ്പ് ഷീറ്റിൽ തിയതി, ട്രിപ്പിന്റെ എണ്ണം, വാർഡ് എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-നം – 17/22.9.21 ന് മറുപടി ലഭിച്ചില്ല. സർക്കാർ നിർദേശങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 തെങ്ങു കൃഷി വികസനം - രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം.174 | തെങ്ങു കൃഷി വികസനം |
| ഫണ്ട് | 1. വികസന ഫണ്ട് (പൊതു വിഭാഗം) - 474448 രൂപ, |
| 2. മറ്റുള്ളവ | 327592 രൂപ |
| ആകെ അടങ്കൽ | 802040/- രൂപ |
| ചെലവ് - | 1. വികസന ഫണ്ട് (പൊതു വിഭാഗം) - 474448 രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബി.ആർ നം. | തുക | ട്രഷറിയിൽ നിന്നും തുക മാറിയ തീയതി |
|---|---|---|---|
| 1 | 1015892/30.12.19 | 92182 | 23.01.2020 |
| 2 | 1015899/30.12.19 | 38566 | 31.01.2020 |
| 3 | 1015879/30.12.19 | 343700 | 25.02.2020 |

മേൽ പദ്ധതിയുടെ പ്രൊജക്ട് ഫയൽ, വൗച്ചറുകൾ, ഗുണഭോക്തൃ ലിസ്റ്റ്, അപേക്ഷകൾ തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/20-21/20.09.2021) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ആയത് പരിശോധനയ്ക്ക് നൽകുന്നതുവരെ 474448/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ 2019-20 വർഷത്തെ അംഗീകൃത ആക്ഷൻപ്ലാൻ പ്രകാരം 976 പദ്ധതികൾക്കായി 5,58,55,000/- രൂപയുടെ അടങ്കലായിരുന്നുവിഭാവനം ചെയ്തിരുന്നത്. എന്നാൽ 1,16,85,582/- രൂപ ചെലവഴിച്ച് കേവലം 143 പദ്ധതികൾ മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. ഇക്കാലയളവിൽ 123665 തൊഴിൽദിനങ്ങൾ ലക്ഷ്യമിട്ടെങ്കിലും 33159 തൊഴിൽദിനങ്ങളാണ് സൃഷ്ടിച്ചത്. അതായത് ലക്ഷ്യമിട്ടതിന്റെ 26.81% തൊഴിൽദിനങ്ങൾ മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. മുൻവർഷത്തെ തൊഴിൽദിനത്തേക്കാൾ 30% ത്തോളം കുറവാണിത്. ഓരോ ഗ്രാമീണകുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 തൊഴിൽദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ട ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം തൊഴിൽ ആവശ്യപ്പെട്ട 796 കുടുംബങ്ങളിൽ 59 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽദിനങ്ങൾ നൽകുവാൻ സാധിച്ചിട്ടുള്ളൂ. ആക്ഷൻ പ്ലാൻ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാനും പരമാവധി കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകുവാനും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പൊതുശൗചാലയബ്ലോക്ക് നിർമ്മാണം-ജനോപകാരപ്രദമായില്ല

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ പൊതുശൗചാലയം നിർമ്മിക്കുന്നതിന് 2018-19ൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും പ്രവൃത്തി തുടങ്ങിയില്ല, പിന്നീട് നിർമ്മാണം പൂർത്തീകരിച്ച് തുക നൽകിയത് 2019-20, 2020-21 വർഷങ്ങളിൽ രൂപീകരിച്ച പദ്ധതികൾ പ്രകാരമാണ്. നിലവിൽ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 416/19, 295/20, 304/21 പൊതുശൗചാലയബ്ലോക്ക് നിർമ്മാണം-വാർഡ് 1 |

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| പദ്ധതി അടങ്കൽ തുക | 11,60,000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്- ശുചിത്വമിഷൻ ഗ്രാന്റ് ) | |
| കരാറുകാരൻ | ശ്രീ. എൽദോ ഏല്യാസ് | |
| ചെലവ് വിവരം | 2019-20- 3,32,982/-രൂപ | |
| | 2020-21-4,99,999/- രൂപ | |
| | ആകെ-8,32,981/- രൂപ | |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ ഭാവിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പൊതുശ്മശാനത്തിന് സമീപമുള്ള സ്ഥലത്താണ് പൊതുശൗചാലയം നിർമ്മിച്ചിരിക്കുന്നത്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദേശീയ പാതയോരത്തു നിന്നും മാറി പൊതുജനങ്ങൾക്ക് എളുപ്പം എത്തിച്ചേരാൻ കഴിയാത്ത പ്രദേശമാണിത്. അതുകൊണ്ടുതന്നെ വഴിയാത്രക്കാർക്ക് യാതൊരു പ്രയോജനവുമില്ലാത്ത നിർമ്മിതിയാണിത്. യാത്രക്കാർക്ക് സൗകര്യപ്രദമാകും വിധം “Take A Break” ന് ഉപകരിക്കുന്ന രീതിയിൽ പ്രധാന റോഡിനരികെ പൊതുശൗചാലയം നിർമ്മിക്കേണ്ടതായിരുന്നു. ഇനിയും നിർമ്മാണം തുടങ്ങിയിട്ടില്ലാത്ത പൊതുശ്മശാനത്തിന് സമീപം, മൃതസംസ്കാരത്തിൽ പങ്കെടുക്കാൻ വരുന്നവരുടെ മാത്രം സൗകര്യാർത്ഥം ഇത്തരമൊരു പൊതു ശൗചാലയം പണിതതിന്റെ അനിവാര്യത വിശദീകരിക്കേണ്ടതാണ്.

2. പ്ലംബിംഗ് വർക്ക് ചെയ്ത് വാട്ടർ ടാങ്ക് ഉൾപ്പെടെ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വെള്ളത്തിന്റെ ലഭ്യതക്ക് കിണറോ, പൈപ്പ് കണക്ഷനോ ഉണ്ടാക്കിയിട്ടില്ല. നിലവിൽ ഈ പ്രദേശം കാടുപിടിച്ച് കിടക്കുകയാണ്.

3. കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണത്തിനു തന്നെ വലിയ തുക ചെലവിടേണ്ടി വന്നിരിക്കുന്നു. മണ്ണിട്ട് നികത്തിയ ഭൂമിയായതിനാൽ, 3 മീറ്ററോളം താഴ്ചയിൽ മണ്ണ് മാറ്റി, 6 തൂണുകൾ സ്ഥാപിച്ച്, തറനിരപ്പിൽ കോൺക്രീറ്റ് ചെയ്ത് അതിനു മുകളിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കേവലം 260ച.അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഇതുവരെയുള്ള നിർമ്മാണച്ചെലവ് 8,32,981/- രൂപയാണ്. ഇലക്ട്രിക്കൽ വർക്കിനും വെള്ളത്തിന്റെ ലഭ്യതക്കും ഇനിയും തുക ചെലവഴിച്ചാൽ മാത്രമേ നിർമ്മാണ ലക്ഷ്യം പൂർത്തിയാവുകയുള്ളൂ.

ഇത്രയും തുക ചെലവിട്ട് പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത പദ്ധതി ആവിഷ്കരിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ഫണ്ട് എങ്ങനെയെങ്കിലും ചെലവാക്കുക എന്നതിലുപരി, ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് |

| | |
|---|---|
| | പരിശോധന നടത്തിയിട്ടുള്ളത്. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 500000 | ചുരുളിച്ചിറ പൈപ്പ് ലൈൻ നീട്ടൽ | 0 | 500000 |
| | | 83598 | ക്രിമറ്റോറിയം | 0 | 83598 |
| ക്യാപിറ്റൽ എക്സ് പെൻഡിച്ചർ | | | ആകെ | | 583598 |
| | | 48850 | സ്കോളർഷിപ്പ് | 0 | 48850 |
| | | 68736 | പാവക്കാട്ടുകുന്ന് Sc കോളനി സൈഡ് പ്രോട്ടക്ഷൻ | 0 | 68736 |
| | | 37464 | ശ്രീകൃഷ്ണപുരം പൈപ്പ് ലൈൻ | 0 | 37464 |
| | | 208105 | കുടുംബശ്രീ യൂണിറ്റ് | 0 | 208105 |
| | | 11200 | സ്കോളർഷിപ്പ് | 0 | 11200 |
| | | 140000 1141370 | ലൈഫ് | 560000 | 721370 |
| | | 508209 | ബഡ്സ് സ്കൂൾ | 484959 | 23250 |
| | | 500000 | ബഡ്സ് സ്കൂൾ -മെയിന്റനൻസ് | 500000 | 0 |
| | | 440000 | ചാത്തൻകുളം റോഡ് | 0 | 440000 |
| റവന്യൂ എക്സ് പെൻഡിച്ചർ | | | ആകെ | | 1558975 |
| ജില്ലാ പഞ്ചായത്ത് | | 386175 | സ്കോളർഷിപ്പ് | 386175 | 0 |
| | | 90 | നെൽകൃഷി | 0 | 90 |
| | | 1968000 | ലൈഫ് | 0 | 1968000 |
| റവന്യൂ എക്സ് പെൻഡിച്ചർ | | | ആകെ | | 1968090 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | നിർവഹണ ഏജൻസി | പദ്ധതി യുടെ പേരും നമ്പരും | അടങ്കൽ | മുൻകൂർ നൽകിയത് | ചെലവഴിച്ചത് | ബാലൻസ് | ബിൽ/ വൌച്ചർ നമ്പരും തുകയും |
|---|---|---|---|---|---|---|---|
| 1 | വൈദ്യുതി ബോർഡ് | സ്രാമ്പി കോളനി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - | 52678 | 45957 | വിനിയോഗ വിവരം ലഭ്യമായില്ല | | 31/11.12.19 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 370/20 | | | | | |
| 2 | " | പോസ്റ്റ് മാറ്റി സ്ഥാപി ക്കൽ - 369/20 | 50000 | 49841 | " | | 42/28.1.20 |
| 3 | " | പൊതു ശ്മശാനം റോഡിൽ ലൈൻ സ്ഥാപി ക്കൽ 325/20 | 150000 | 103840 | " | | 21901016/ 11.12.19 |
| 4 | " | വിവിധ വാർഡു കളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- 36/20 | 750000 | 95567 | " | | 35/30.12.19 – 48616 51/13.3.20 – 46951 |
| 5 | ' | വിവിധ വാർഡു കളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ- 238/20 | 239618 | 148774 | " | | 32/26.12.19- 87320 16/17.7.19- 24898 9/14.6.19- 36556 |
| 6 | ജല അതോ റിറ്റി | കറുകുറ്റി മൂക്കന്നൂർ കടിവെള്ള പദ്ധതി - 65/20 | 200000 | 200000 | " | | 43/28.1.20 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 707814 |
| ആകെ | 5707814 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5707814 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപന ത്തിന്റെ പേര് (ബാങ്ക്) | നിക്ഷേ പിച്ച തിയതി | കാല യളവ് | തുക | റിമാർ ക്ക്സ് (FD No) |
|---|---|---|---|---|---|
| 1 | Union Bank Of India, | 29.11.19 | 1വർഷം | 2853907 | 746720 |

| | | | | | |
|---|---|---|---|---|---|
| | Karukutty | | | | |
| 2 | Union Bank Of India, Karukutty | 29.11.19 | 1 വർഷം | 2853907 | 746721 |
| ആകെ | | | | 5707814 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയാളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പറും തീയതിയും |
|---|---|---|---|---|
| 2017-18 | 3 -(7) | 2035 | നെജി ബാബു | 107652/ 18.01.20 |
| 2017-18 | 3-7 | 12055 | ബൈജു ബേബി | 119030100789/ 13.05.2019 |
| 2018-19 | 1-11 | 2512 | അഡ് ലക്സ് കൺവെൻഷൻ സെന്റർ | 107036/17.1.20 |
| | | 16602 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.3 | 2016-17 | 2 | തൊഴിൽ നികുതി | നില നിൽക്കുന്നു |
| 2015-16 | 2.1 | 2016-17 | 2 | " | ' |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70649046 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70558579 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31,802 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,74,448 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

16808/-

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-21 (A) | 4363 | ശ്രീ. രാജൻ ബി.മേനോൻ സെക്രട്ടറി, കറുകുറ്റി ഗ്രാമപഞ്ചായത്ത് |
| 1-21 (B) | 8637 | -ടി- |
| 1-21 (C) | 3808 | -ടി- |
| 1-15 | 14994 | ശ്രീ.ആന്റ അസി.എൻജിനീയർ |
| | 31802 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 44920 | ഡോ. ശ്രീദേവി പി.എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-23 | 30000 | ശ്രീ. യു.കെ. സുരേന്ദ്രൻ സെക്രട്ടറി |
| 1-25 | 139300 | ശ്രീ. യു.കെ. സുരേന്ദ്രൻ സെക്രട്ടറി |
| 1-29 | 4,74,448 | ശ്രീമതി. സോണിയ ആർ. കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | |
|---|---|
| ഖണ്ഡിക 1-15 | ജിഎസ് ടി 2699 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജൻ.ബി.മേനോൻ സെക്രട്ടറി, കറുകുറ്റി ഗ്രാമപഞ്ചായത്ത് | വിരമിച്ചു | അച്ചുതം, പറയത്ത് ഭവൻ, മാണിക്യമംഗലം |
| ശ്രീമതി. സോണിയ ആർ. | കൃഷി ഓഫീസർ | ശ്രീമതി. സോണിയ ആർ. കാവുങ്കൽ(ഹൌസ്) നായത്തോട് അങ്കമാലി 683572 |
| ശ്രീ.ആന്റു അസി.എൻജിനീയർ | അസി.എൻജിനീയർ എൽ.എസ്.ജി.ഡി. | ശ്രീ.ആന്റു.എ.വി. ഏരുമാത്താൻ ജോസ് പുരം വാപ്പലശേരി (പി.ഒ) അങ്കമാലി - 683572 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | ഖണ്ഡി കകളുടെ എണ്ണം | |
|---|---|---|---|
| 1997-98 | എൽ.എഫ്.ഇ.പി-4- 310/99/05.12.00 | 1 | 3-23 |
| 1998-99 | എൽ.എഫ്.ഇ.പി-4-287/99/05.12.00 | 17 | |
| 1999-00 | എൽ.എഫ്.ഇ-പി-4-36/05/29.08.05 | 27 | |
| 2000-01 | എൽ.എഫ്.ഇ-പി-4-893/09/12.03.10 | 3 | |
| 2001-02 | എൽ.എഫ്.ഇ-പി-4-894/09/12.03.10 | 11 | |
| 2002-03 | എൽ.എഫ്.ഇ-പി-4-895/09/12.03.10 | 3 | |
| 2003-04 | എൽ.എഫ്.ഇ-പി-4-896/09/12.03.10 | 7 | |
| 2004-05 | എൽ.എഫ്.ഇ-പി-4-897/09/12.03.10 | 6 | |
| 2005-06 | എൽ.എഫ്.ഇ-പി-4-898/09/12.03.10 | 20 | |
| 2006-07 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 1 | 3-4 |
| 2007-08 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 1 | 3-7 |
| 2008-09 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 1 | 3-2 |
| 2009-10 | എൽ.എഫ്.ഇ-പി-4-1523/12/09.07.12 | 7 | |
| 2010-11 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 9 | |
| 2011-12 | എൽ.എഫ്.ഇ-പി-4- 19/2014/21.01.14 | 2 | 3-1<br>3-3 |
| 2012-13 &<br>2013-14 | എൽ.എഫ്.ഇ-പി-4- 350/15, 21.2.15 | 8 | |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി.4)1174/2016 തീയതി 16/7/2016 | 13 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി.13)1986/2016 തീയതി 15/12/2016 | 5 | |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി13)1521/2017, തീയതി.18.9.17 | 10 | |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി13)144/2019, തീയതി.08.03.19 | 25 | |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി13)131/20, തിയതി 3.3.20 | 13 | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്